# ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം, തിരുവനന്തപുരം

*(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)*

(ഹാജർ : റ്റി. ഒ. സൂരജ്, ഐ.എ.എസ്.)

നം. എൽ.ആർ. ഇ5- 12969/2012 | തീയതി : 12-12-2012

വിഷയം :- ജീവനക്കാര്യം - ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാർക്ക് 25% ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :-
1. ശ്രീ. ചന്ദ്രബാബു മുതൽ പേരുടെ 28-03-2012 ലെ അപേക്ഷ
2. ജി.ഒ. (പി) നം. 85/2011/ഫിൻ. തീയതി 26-02-2011

ഈ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. ചന്ദ്രബാബു മുതൽ പേർ സമർപ്പിച്ച അപേക്ഷയിൽ സൂചന പ്രകാരമുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ജൂനിയർ സൂപ്രണ്ട് തത്തുല്യ തസ്തികകളുടെ 25% ത്തിന് ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആനുകൂല്യം റവന്യൂ വകുപ്പിൽ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

സൂചന പ്രകാരമുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവിലെ അനുബന്ധം -12, പേജ് 91 ൽ ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ 25% പേർക്ക് 18740-33680 ശമ്പള സ്കെയിലിൽ ഗ്രേഡ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ/വാല്യുവേഷൻ അസിസ്റ്റന്റ് എന്നീ തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് തത്തുല്യമാണ്. ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാരൻ സ്പെഷ്യൽ റൂൾ പ്രകാരം നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനായി ക്രിമിനൽ ജുഡീഷ്യറി ടെസ്റ്റ്, ഹയർ സർവ്വെ എന്നീ വകുപ്പുതല പരീക്ഷകൾ പാസ്സായിരിക്കണ മെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയുടെ ശമ്പള സ്കെയിലാണ് 18740-33680 എന്നത്. റവന്യൂ വകുപ്പിൽ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ തസ്തികയിൽ ജോലി നോക്കിവരുന്നവരിൽ നിശ്ചിത ടെസ്റ്റ് യോഗ്യത നേടി നിരീക്ഷണകാലം പൂർത്തിയാക്കിയവരും, 50 വയസ്സിന്റെ ആനുകൂല്യത്തിൽ നിരീക്ഷണകാലം പൂർത്തിയാക്കിയവരും ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ നിശ്ചിത യോഗ്യത നേടി നിരീക്ഷണ കാലം പൂർത്തിയാക്കിയ സീനിയറായിട്ടുള്ള ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്മാർക്ക് 18740-33680 ശമ്പള സ്കെയിലിലും, 50 വയസ്സിന്റെ ആനുകൂല്യത്തിൽ നിരീക്ഷണകാലം പൂർത്തിയായവർക്ക് 16980 - 31360 (തഹസിൽദാർ/സീനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിനു തൊട്ടു താഴെയുള്ള ശമ്പള സ്കെയിലിലും അർഹത ഉണ്ടായിരിക്കുന്നതാണ്.

01-11-2011- ൽ റവന്യൂ വകുപ്പിൽ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ/ വാല്യുവേഷൻ അസിസ്റ്റന്റുമാരുടെ 1167 തസ്തികകളാണ് ഉണ്ടായിരുന്നത്. ആയത് പ്രകാരം 26-02-2011 തീയതിയിൽ 291 ജീവനക്കാർക്ക് ഹയർ ഗ്രേഡിന് അർഹത ഉള്ളതാണ് മേൽ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ജീവനക്കാർക്ക് 13 - ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ താത്ക്കാലികമായി ഗ്രേഡ് അനുവദിക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു.

ഗ്രേഡ് അനുവദിക്കുന്നത് സംബന്ധമായി ജീവനക്കാർക്കുള്ള ആക്ഷേപം ടി നടപടിക്രമം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം മേലധികാരി മുഖേന ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ചും ഇക്കാര്യത്തിൽ സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണത്തിനു വിധേമായും ഗ്രേഡ് പ്രമോഷൻ നടപടിക്രമം അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
Sd/-
കമ്മീഷണർ

പകർപ്പ്:- (1). എല്ലാ ജില്ലാ കളക്ടർമാർക്കും.
(2). സെക്രട്ടറി, ലാന്റ് ബോർഡ്,
(3). ഡയറക്ടർ ഓഫ് സർവ്വെ ആന്റ് റിക്കാർഡ്സ്,
(4). സീനിയർ സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ.
(5). എൽ.ആർ. ജി. സെക്ഷൻ.
(6). സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്.

T2

GOVERNMENT OF KERALA

0305832